# കുടിയിറക്കലിന്റെ മൂലമ്പിള്ളി മോഡൽ

**ത**ദ്ദേശീയസമൂഹങ്ങളുടെ സമ്പദ്വ്യവസ്ഥയെ, ഉപജീവനോപാധികളെ, സംസ്കാരത്തെ പിഴുതെറിഞ്ഞുകൊണ്ട് ഭരണകൂടങ്ങൾ തുടരുന്ന വികസനാതിക്രമത്തിന്റെ മറക്കാനാവാത്ത നേർസാക്ഷ്യമായിരുന്നു മൂലമ്പിള്ളി കുടിയൊഴിപ്പിക്കൽ. വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിനെ റോഡുമാർഗ്ഗം പ്രധാന നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുന്നതിനുള്ള പാതയുടെ നിർമ്മാണത്തിനായാണ് മൂലമ്പിള്ളിയിൽ നിന്നും തദ്ദേശവാസികളെ ബലപ്രയോഗത്തിലൂടെ സർക്കാർ കുടിയൊഴിപ്പിച്ചത്. ചേരാനല്ലൂർ, ഏലൂർ, ഇടപ്പള്ളി, വടുതല, മുളവുകാട് എന്നീ സ്ഥലങ്ങളിൽ നിന്നുമായി 316 കുടുംബങ്ങളെയാണ് 2008 ഫെബ്രുവരി 6 ന് കേരളസർക്കാർ തെരുവിലിറക്കിയത്. മതിയായ നഷ്ടപരിഹാരവും പുനരധിവാസവും നൽകാതെ 10 വർഷങ്ങൾക്കു ശേഷവും നീതിലഭിക്കാതെ കഴിയുകയാണ് വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ എന്ന 'വമ്പൻ' വികസന പദ്ധതിക്കായി കുടിയൊഴിപ്പിക്കപ്പെട്ട ഈ ജനങ്ങൾ. ഭൂമി നഷ്ടപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും നാല് സെന്റ് മുതൽ ആറു സെന്റ് വരെ പുനരധിവാസ ഭൂമി എന്നതായിരുന്നു വാഗ്ദാനം. പുനരധിവാസ പ്ലോട്ടുകൾ രണ്ടുനില കെട്ടിടം പണിയാനുള്ള 'എ' ക്ലാസ്സ് ഭൂമിയാക്കുന്നത് വരെ അർഹതപ്പെട്ട 316 കുടുംബങ്ങൾക്കും വാടകയ്ക്ക് താമസിക്കുവാൻ പ്രതിമാസം 5000 രൂപ വീതം നൽകും. ഏറ്റെടുത്ത ഭൂമിക്കും വസ്തുക്കൾക്കും നൽകുന്ന നഷ്ടപരിഹാരതുകയിൽ നിന്ന് ഈടാക്കുന്ന കേന്ദ്ര വരുമാന നികുതി (12 ശതമാനം) പൂർണ്ണമായും ഒഴിവാക്കും. ഒഴിപ്പിക്കപ്പെട്ട കുടുംബങ്ങളിലെ ഒരാൾക്ക് വീതം പദ്ധതിയിൽ തൊഴിൽ നൽകും എന്നെല്ലാമായിരുന്നു വാഗ്ദാനങ്ങൾ. എന്നാൽ കുടിയിറക്കപ്പെട്ട് 10 വർഷം കഴിഞ്ഞിട്ടും കുടിയിറക്കപ്പെട്ട 316 കുടുംബങ്ങളുടെ നിലവിലെ അവസ്ഥ വളരെ ദയനീയമാണ്. സർക്കാർ കണ്ടെത്തിയ ഏഴ് പുനരവധിവാസ കേന്ദ്രങ്ങളിൽ ആറെണ്ണവും ചതുപ്പ് നിറഞ്ഞ കായലോരങ്ങളാണുള്ളത്. ആകെ 48 കുടുംബങ്ങൾ മാത്രമാണ് ഇവിടെ വീടുവെച്ചിട്ടുള്ളത്. ശേഷിക്കുന്ന കുടുംബങ്ങൾ താത്കാലിക ഷെഡുകളിലോ വാടക വീടുകളിലോ ആണ് താമസിക്കുന്നത്. നിർമ്മിച്ച വീടുകൾക്ക് ബലക്ഷയമോ വിള്ളലുകളോ സംഭവിച്ച് ഇടിഞ്ഞുവീഴാറായ അവസ്ഥയിലാണ്. ഭൂമിയുടെ ഉറപ്പില്ലായ്മയാണ് ഇതിന് കാരണമെന്ന് പൊതുമാരമത്ത് ഉദ്യോഗസ്ഥർ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 2009 ൽ അനുവദിച്ചു നൽകിയ ഭൂമി വാസയോഗ്യമാണോ എന്ന പരിശോധന പൊതുമരാമത്ത് നടത്തുന്നത് പോലും 2018 ലാണ്. കുടിയൊഴിക്കപ്പെട്ട കുടുംബങ്ങളിലെ 22 പേർ ഇതിനോടകം പലവിധ അസുഖങ്ങളും ദുരിതങ്ങളും കാരണം മരണപ്പെട്ടിട്ടുണ്ട്. സ്വന്തം ആവാസവ്യവസ്ഥയിൽ നിന്നും കുടിയിറക്കപ്പെട്ടതിലുള്ള മാനസികാസ്വാസ്ഥ്യംമൂലം പലരും ആത്മഹത്യ ചെയ്യുകയും ചെയ്തു. നവഉദാരവത്കരണനയങ്ങളുടെ ഭാഗമായാണ് ട്രാൻഷിപ്പ്മെന്റ് ടെർമിനൽ എന്ന ആശയം ഇന്ത്യയിൽ സജീവമായതും സ്വകാര്യമേഖലയുടെ പങ്കാളിത്തോടെ അത്തരം വൻകിട പദ്ധതികൾ നടപ്പിലാക്കാം എന്ന സ്ഥിതി സംജാതമായതും. അങ്ങനെയാണ് പൊതുമേഖലയിൽ ലാഭകരമായി നടക്കുന്ന കൊച്ചി തുറമുഖം പോരാതെ മറ്റൊരു ട്രാൻഷിപ്പ്മെന്റ് ടെർമിനൽ കൂടി വേണമെന്ന തീരുമാനത്തിലേക്ക് കേന്ദ്ര സർക്കാർ എത്തുന്നത്. ദുബായ് പോർട്ട് വേൾഡ് എന്ന ഏറെ പരിചയസമ്പന്നതയുള്ള അന്താരാഷ്ട്ര കമ്പനിയുടെ ടെണ്ടർ തന്നെ അംഗീകരിക്കപ്പെടുകയും 2005 ഫെബ്രവരി 16ന് അന്ന് പ്രധാനമന്ത്രിയായിരുന്ന മൻമോഹൻ സിംഗ് പദ്ധതിയുടെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. 2011 ഫെബ്രുവരി 11ന് എല്ലാ പണിയും തീർത്ത് കാത്തിരിപ്പ് തുടങ്ങിയ ഒരു മദർ കപ്പലും ഇതുവരെ തീരമണഞ്ഞിട്ടില്ല. 360 കോടി ചെലവഴിച്ചുണ്ടാക്കിയ റെയിൽപാതയിലൂടെ ഒരു ട്രെയിനെങ്കിലും ഓടുന്നതുകാണാൻ സ്ഥലം വിട്ടുകൊടുത്തവർ ഇടയ്ക്കിടെ നോക്കാറുണ്ട്. ഏറെ പരിമിതികൾക്കിടയിലും പ്രതിവർഷം 1,65,000 കണ്ടെയ്നറുകൾവരെ കൈകാര്യം ചെയ്തിരുന്ന കൊച്ചിൻ പോർട്ട് ട്രസ്റ്റിന് കീഴിലുള്ള രാജീവ്ഗാന്ധി ടെർമിനൽ കൂടി ഏറ്റെടുത്ത് നടത്തുന്നതുകൊണ്ടാണ് ദുബായ് പോർട്ട് വേൾഡ് ലാഭകരമായി നിലനിൽക്കുന്നത്.

**(തയ്യാറാക്കിയത്: ലിഡിയ)**

# കാതിക്കുടത്തിന്റെ കണ്ണുനീർ

**വി**കസനത്തെ കുറിച്ച് ഏറെ ആകുലപ്പെടുന്ന, വ്യവസായ വിരുദ്ധ സമരങ്ങൾ വളർച്ചയെ മുരടിപ്പിക്കും എന്ന് നെറ്റിച്ചുളിക്കുന്ന അഭിവൃദ്ധിയുടെ വക്താക്കൾക്ക് ഉത്തരം മുട്ടുന്ന ചോദ്യങ്ങളാണ് ഇന്നും കാതിക്കുടം ചോദിക്കുന്നത്. ചാലക്കുടിയിൽ നിന്നും അഞ്ച് കിലോമീറ്റർ അകലെ കാതിക്കുടം പ്രദേശത്തെ വിഷമയമാക്കികൊണ്ട് നിറ്റാജലാറ്റിൻ കമ്പനി 1979 ലാണ് പ്രവർത്തനമാരംഭിക്കുന്നത്. മൃഗങ്ങളുടെ എല്ലിൽ നിന്നും രാസപ്രവർത്തനം വഴി ഒസ്സീൻ ഉണ്ടാക്കിയെടുക്കുന്ന പ്രക്രിയയാണ് ഇവിടെ നടക്കുന്നത്. ടൺ കണക്കിന് എല്ലും ഹൈഡ്രോ ക്ലോറിക് ആസിഡും വെള്ളവുമാണ് അസംസ്കൃത പദാർത്ഥങ്ങൾ. പണ്ട് 18 ടൺ എല്ലുകളാണ് ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്നത് ദിനംപ്രതി 120 ടണ്ണായി വർദ്ധിച്ചിരിക്കുന്നു. ഒരു ലോട്ടിൽ 35 മുതൽ 40 ടൺ വരെ എല്ലുപൊടി ഉപയോഗിക്കുന്നു. അത്തരത്തിൽ ദിവസവും മൂന്ന് ലോട്ട് ചാർജ് ചെയ്യുന്നു. ഒരു ദിവസം ഉപയോഗിക്കുന്ന ഹൈഡ്രോ ക്ലോറിക് ആസിഡിന്റെ അളവ് ഒരു ലക്ഷത്തി ഇരുപതിനായിരം ലിറ്റർ ആണ്. രണ്ട് കോടിയോളം ലിറ്റർ ജലവും ദിനംപ്രതി ഉപയോഗിക്കുന്നു. ഉത്പാദനാനന്തരമുള്ള ദ്രവമാലിന്യങ്ങൾ ചാലക്കുടി പുഴയിലേക്ക് ഒഴുക്കിയതുമൂലം സമീപവാസികളുടെ കിണറുകളിലും പുഴയുടെ കീഴ്ഭാഗങ്ങളിലും ആസിഡിന്റെയും ക്ലോറൈഡിന്റെയും അളവ് വളരെ കൂടുതലായി. ചാലക്കുടിപ്പുഴയിൽ മത്സ്യങ്ങൾ ചത്തുപൊന്തുന്നത് പതിവായി. അന്തരീക്ഷമാകെ ഡൈ കാൽസ്യം ഫോസ്ഫേറ്റിന്റെ ധൂളികളാൽ നിറഞ്ഞു. ആസിഡ് ഫ്യൂമ്സ് പരിസരമാകെ പുക പടലം സൃഷ്ടിച്ചു. രൂക്ഷമായ ദുർ